06-06-2007
Vol-1,N0:9

*Kerala Catholic Bishops Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

01. അൽഫോൻസാമ്മ വിശുദ്ധ പദവിയിലേക്ക്.
02. സഭൈക്യത്തിനായി എല്ലാവരും പ്രവർത്തിക്കണം: കർദ്ദിനാൾ മാർ വിതയത്തിൽ.
03. കത്തോലിക്കാബാവ മാർപാപ്പയെ സന്ദർശിച്ചു.
04. കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി കൂടുതൽ അവസരങ്ങൾ ലഭിക്കുന്നത് പാവപ്പെട്ടവർക്കും ദളിതർക്കും. (സർവ്വെ റിപ്പോർട്ട്)
05. സ്കൂളുകളുടെ നിയന്ത്രണം തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്തു.
06. ദളിത് ക്രൈസ്തവരോടുള്ള അവഗണന അവസാനിപ്പിക്കണം.
07. തട്ടിക്കൊണ്ടുപോയ വികാരി അച്ചനെ വിട്ടയച്ചു.
08. സി. ബി. സി. ഐ വിദ്യാഭ്യാസ നയരേഖ പ്രഖ്യാപിച്ചു.
09. അധ്യാപകരെ ശിക്ഷിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരം
10. കാർഷിക പ്രതിസന്ധിക്ക് കാരണം സർക്കാർ ഇടപെടാതിരുന്നത്.
11. സ്വാശ്രയ : മെഡിക്കൽ മാനേജ്മെന്റുമായി നടത്തിയ ചർച്ചയിൽ തീരുമാനമായില്ല.
12. ദരിദ്ര വിഭാഗങ്ങൾക്കും റേഷൻ വില കുത്തനെ കൂട്ടുന്നു.
13. ന്യൂനപക്ഷത്തിന്റെ അവകാശങ്ങളിൽ സർക്കാർ കയ്യേറ്റം: ചർച്ച് കൗൺസിൽ

## 01. അൽഫോൻസാമ്മ വിശുദ്ധ പദവിയിലേക്ക്.

പരസ്നേഹത്തെ പ്രതിയുള്ള സഹനത്തിലൂടെ ജീവിതത്തെ അർത്ഥ പൂർണ്ണമാക്കിയ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയ്ക്ക് ഇനി വിശുദ്ധിയുടെ വെള്ളിവെളിച്ചം. അൽഫോൻസാമ്മയെ വിശുദ്ധയാക്കാനുള്ള അത്ഭുതം മാർ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അംഗീകരിച്ചതോടെ ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ വിശുദ്ധയായി അൽഫോൻസാമ്മ മാറും. സിസ്റ്റർ അൽഫോൻസ സുകൃതത്തോടെ വിരോചിതമായി ജീവിച്ചു എന്നാണു വത്തിക്കാനിന്റെ കണ്ടെത്തൽ. മാഞ്ഞൂർ ഒഴുതൊട്ടിയിൽ ഷാജി-ലിസി ദമ്പതികളുടെ മകൻ ദിനിലിന്റെ വളഞ്ഞ കാൽപാദം അൽഫോൻസാമ്മയുടെ മധ്യസ്ഥതയിൽ നേരേയായ അത്ഭുതമാണ് മാർപാപ്പ അംഗീകരിച്ചത്. കർദ്ദിനാൾമാർ അടങ്ങിയ സമിതി ഈ അത്ഭുതം അംഗീകരിച്ചശേഷം മാർപാപ്പയ്ക്ക് സമർപ്പിക്കുകയായിരുന്നു. 2008 ജനുവരിയിൽ വത്തിക്കാനിൽ കൺസിസ്റ്ററി യോഗം ചേർന്ന ശേഷം വിശുദ്ധയായി പ്രഖ്യാപിക്കുന്ന തീയതി നിശ്ചയിക്കും.

1910 ഓഗസ്റ്റ് 19-ന് കോട്ടയം ജില്ലയിൽ കുടമാളൂർ ഇടവകയിലെ മുട്ടത്തുപാടം കുടുംബത്തിൽ പഴൂപ്പറമ്പിൽ ഔസേപ്പ്-മറിയം ദമ്പതികളുടെ നാലാമത്തെ പുത്രിയായാണ് അൽഫോൻസാമ്മയുടെ ജനനം. മാതാവിന്റെ മരണശേഷം മാതൃസഹോദരി മുട്ടുചിറ മുരിക്കൻ അന്നാമ്മയ്ക്കൊപ്പമായിരുന്നു ബാല്യം. പ്രാഥമിക വിദ്യാഭ്യാസം നേടി മേയ് 27-ന് ഭരണങ്ങാനം ക്ലാരമഠത്തിലെത്തി. 1928 ഓഗസ്റ്റ് രണ്ടിന് ശിരോവസ്ത്രം സ്വീകരിച്ചു. ദീർഘ നാൾ രോഗശയ്യയിലായിരുന്ന അൽഫോൻസാമ്മ 1946 ജൂലൈ 28-ന് 36-ാം വയസിൽ ഇഹലോകവാസം വെടിഞ്ഞു. 1886-ൽ കേരളത്തിലെത്തിയ ജോൺ പോൾ രണ്ടാമൻ മാർപാപ്പ അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. പാലാ രൂപതയുടെ പ്രഥമ ബിഷപ്പായിരുന്ന മാർ സെബാസ്റ്റ്യൻ വയലിൽ തുടക്കം കുറിച്ച നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്റർ ഫാ. ഫ്രാൻസീസ് വടക്കേലായിരുന്നു.

(Mangalam 03-06-2007)

02. സഭൈക്യത്തിനായി എല്ലാവരും പ്രവർത്തിക്കണം: കർദ്ദിനാൾ മാർ വിതയത്തിൽ.

സഭയുടെ ഐക്യത്തിനായി ക്രൈസ്തവ സമൂഹങ്ങൾ ഒന്നിച്ചു പ്രവർത്തിക്കണമെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ. എറണാകുളം അരമനയിൽ കർദ്ദിനാളിന്റെ എൺപതാം പിറന്നാൾ ആഘോഷത്തോടനുബന്ധിച്ച് നടന്ന അനുമോദന യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഇന്നത്തെ ജനങ്ങൾ ആഘോഷങ്ങൾക്ക് വേണ്ടി അനാവശ്യമായി പണം ചെലവഴിക്കുകയാണ്. ആഘോഷങ്ങൾ നല്ലതാണെങ്കിലും ഓരോ കാരണങ്ങൾക്കും അതുവേണോ എന്നു ചിന്തിക്കണമെന്നും കർദ്ദിനാൾ പറഞ്ഞു. വിദേശപണം മലയാളികളെ അലസരാക്കി മാറ്റിയിരിക്കുകയാണ്. അലസത കൈവെടിഞ്ഞ് ജനോപകാര പ്രവർത്തനങ്ങൾ നടത്തിയില്ലെങ്കിൽ സമൂഹത്തിന് ഉയർച്ചയുണ്ടാവില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സങ്കുചിത മനഃസ്ഥിതിയുമായാണ് ഇന്നത്തെ സമൂഹം മുന്നോട്ടു പോകുന്നത്. സന്യാസിനീ-വൈദിക സമൂഹവും ഇതിന് അപവാദമല്ല. ഇത്തരം ചിന്താഗതികൾ മാറ്റിവെച്ച് അന്യമതസ്ഥനെയും സ്വന്തം സഹോദരനായി കാണുമ്പോൾ മാത്രമേ മനുഷ്യൻ മനുഷ്യനാവുന്നുള്ളു-കർദ്ദിനാൾ പറഞ്ഞു. മെത്രാൻ സിനഡിൽപോലും ചില്ലറ അസ്വാരസ്യങ്ങൾ ഉണ്ടെങ്കിലും അതു മാറ്റിയെടുക്കാനാവുമെന്ന പ്രതീക്ഷയിലാണ് മുന്നോട്ടു പോകുന്നത്-ആരാധന ക്രമങ്ങളുടെ ഏകീകരണത്തിൽ സിനഡിലുണ്ടായ പ്രശ്നം ചൂണ്ടിക്കാട്ടി കർദ്ദിനാൾ പറഞ്ഞു. ഉടൻ വിരമിക്കാൻ തീരുമാനിച്ചിട്ടില്ല. പാവപ്പെട്ടവരെ സഹായിച്ചുകൊണ്ട്, ദൈവം അനുവദിച്ചു നൽകിയ സമയം ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിറവേറ്റി മുന്നോട്ടു പോകാനാണ് തന്റെ തീരുമാനമെന്നും കർദ്ദിനാൾ വ്യക്തമാക്കി. (Deepika 31-05-07)

03. കത്തോലിക്കാ ബാവ മാർപാപ്പയെ സന്ദർശിച്ചു.

മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് മാർ ക്ലീമിസ് കത്തോലിക്കാ ബാവ വത്തിക്കാനിലെത്തി ബനഡിക്ട് പതിനാറാമൻ മാർപാപ്പയെ സന്ദർശിച്ചു. മലങ്കര കത്തോലിക്കാ ഹയരാർക്കിയുടെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് കത്തോലിക്കാബാവ സ്ഥാനാരോഹണത്തിനുശേഷം മാർപാപ്പയുമായുള്ള ആദ്യകൂടിക്കാഴ്ച നടത്തിയത്. തുടർന്ന് മാർപാപ്പയുടെ ഔദ്യോഗികവസതിയോടു ചേർന്നു പ്രത്യേകം തയ്യാറാക്കിയ സ്വീകരണസ്ഥലത്ത് എത്തിച്ചേർന്ന് മാർപാപ്പായെ കത്തോലിക്കാബാവയോടൊപ്പം ഉണ്ടായിരുന്ന മലങ്കര കത്തോലിക്കാ പ്രതിനിധി സംഘം അന്ത്യോക്യൻ ആരാധനക്രമമനുസരിച്ച് തോബ്ശലോ എന്ന സുറിയാനി ഗീതം പാടി സ്വീകരിച്ചു. ദരിദ്ര്യരായവരുടെ ഉന്നമനത്തിനുവേണ്ടി മതങ്ങളും സംസ്കാരങ്ങളും തമ്മിൽ ആദരപൂർവ്വവും ഫലപ്രദവുമായ നേർകാഴ്ചകൾ നടത്തേണ്ടത് ഈ സഹസ്രാബ്ദത്തിന്റെ അനിവാര്യതകളിൽ പ്രഥമമാണെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ അനുസ്മരിച്ചു. പത്രോസിന്റെ പിൻഗാമിയുമായുള്ള ഐക്യം വീണ്ടും കണ്ടെത്തുന്നതിനും അത് പരിപാലിക്കുന്നതിനും അഭംഗുരം യത്നിച്ച മാർ ഇവാനിയോസ്, ബനഡിക്ട് മാർ ഗ്രിഗോറിയോസ്, സിറിൾ മാർ ബസേലിയോസ്, എന്നിവരുടെ പേരുകൾ പ്രത്യേകം അനുസ്മരിച്ചു. 75 വർഷങ്ങൾക്ക് മുമ്പ് ഇതേ സ്ഥലത്ത് വച്ചാണ് പതിനൊന്നാം പിയൂസ് മാർപാപ്പ തന്റെ മുൻഗാമിയായ ആർച്ച് ബിഷപ് മാർ ഈവാനിയോസിനെ സാർവ്വത്രിക സഭാ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്തതും മലങ്കരകത്തോലിക്കാസഭ ഹയരാർക്കി സ്ഥാപിച്ചു തന്ന കാര്യവും കത്തോലിക്കാ ബാവ അനുസ്മരിച്ചു. മാർ ക്ലീമിസ് കത്തോലിക്കാബാവാ കന്യാമറിയത്തിന്റെ തടിയിൽ തീർത്ത രൂപം മാർപാപ്പയ്ക്ക് സമ്മാനിച്ചു. ബസേലിയോസ് മാർ ക്ലീമിസ് കത്തോലിക്കാബാവയ്ക്ക് പൗരസ്ത്യ തിരുസംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക സ്വീകരണം നൽകി. (Deepika 31-05-07)

04. കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി കൂടുതൽ അവസരങ്ങൾ ലഭിക്കുന്നത് പാവപ്പെട്ടവർക്കും ദളിതർക്കും. ( സർവ്വെ റിപ്പോർട്ട്)

ഇന്ത്യയിൽ കത്തോലിക്കാ സഭ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പണക്കാർക്കുവേണ്ടിയാണെന്ന നുണപ്രചരണത്തിന് അന്ത്യം കുറിച്ചുകൊണ്ട് CBCI Commission for Education and Culture നടത്തിയ സർവ്വെ ചില സുപ്രധാന കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നു. സർവ്വെ ഫലനുസരിച്ച് 6.9 ശതമാനം പണക്കാരുടെ കുട്ടികൾ മാത്രമാണ് കത്തോലിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നത്. 19 ശതമാനം Middle Income Group ഉം, 32.4 ശതമാനം Lower Income Group ഉം 41.4 ശതമാനം Below Poverty Line Group ഉം

ആണ്. കത്തോലിക്കാ സഭയ്ക്ക് ഇന്ത്യയിൽ 14539 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്, അതിൽ 448 കോളേജു കളും ഉണ്ട്. കത്തോലിക്കാ സഭയുടെ 8621 സ്കൂളുകൾ (59.3%) ഗ്രാമീണ മേഖലയിലാണ്. 5918 (40.3%) പട്ടണ പ്രദേശത്താണ്. സഭയ്ക്ക് 13004 ഹയർ സെക്കൻഡറി സ്കൂളുകളും, 243 സ്പെഷിലൈസ്ഡ് സ്കൂളുകളും, 448 കോളേജുകളും 534 ഫോർമൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും, 310 നോൺ ഫോർമൽ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകളുമുണ്ട്. കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 7 മില്യൻ വിദ്യാർത്ഥികളിൽ 54 ശതമാനം പെൺകുട്ടികളും 46 ശതമാനം ആൺകുട്ടികളുമാണ്. കത്തോലിക്കാ വിദ്യാർത്ഥികൾ 22.7 ശത മാനവും മറ്റ് ക്രിസ്തുമത വിദ്യാർത്ഥികൾ 5.6 ശതമാനവുമാണ്. ഹിന്ദു വിദ്യാർത്ഥികൾ 53 ശതമാനവും മുസ്ലീം വിദ്യാർത്ഥികൾ 8.6 ശതമാനവും മറ്റുള്ളവർ 10.1 ശതമാനവും ആണ്. രൂപതാധികാരികൾക്ക് 45.1 ശതമാനം സ്കൂളുകളും മറ്റ് സന്ന്യസ്ത സമൂഹങ്ങൾക്ക് 54.9 ശതമാനം വിദ്യാഭ്യാസ സ്ഥാപനങ്ങളുമുണ്ട്. 71.1 ശതമാനം രൂപതാസ്കൂളുകളും ഗ്രാമീണ മേഖലകളിലാണ്. 28.9 ശതമാനം സ്കൂളുകൾ മാത്രമാണ് പട്ടണത്തിലുള്ളത്. സന്ന്യസ്ത സമൂഹങ്ങൾ നടത്തുന്ന സ്കൂളുകളിൽ 50.4 ശതമാനം സ്കൂളുകൾ പട്ടണപ്രദേശത്തും 49.6 ശത മാനം സ്കൂളുകൾ ഗ്രാമീണ മേഖലകളിലുമാണ്. ആദ്യത്തെ കത്തോലിക്ക സ്കൂൾ ആരംഭിച്ചത് 1541–ൽ ഗോവ യിലാണ്, വി. ഫ്രാൻസീസ് സേവ്യറാണ് ഇതിന്റെ സ്ഥാപകൻ. (CBCI Website-02-06-2007)

05. സ്കൂളുകളുടെ നിയന്ത്രണം തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്തു.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ പൂർണ്ണ നിയന്ത്രണം തദ്ദേശ സ്ഥാപനങ്ങൾക്കു ലഭിച്ചു. അംഗൻവാടികൾ മുതൽ ഹയർ സെക്കൻഡറി വരെയുള്ള വിദ്യാഭ്യാസ സഥാപനങ്ങളെ നിയന്ത്രിക്കാ നുള്ള അധികാരം ഇതോടെ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭിച്ചിരിക്കുകയാണ്. ഇന്നലെ മുതലാണ് ഇത് പ്രാബല്യത്തിലെത്തിയത്. വിദ്യാഭ്യാസം സാമൂഹ്യവത്ക്കരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. അധ്യാപകർ, പഞ്ചായത്ത്, അധികൃതർ, പി. ടി. എ, മാതൃസമിതി പ്രതിനിധികൾ, ജനപ്രതിനിധികൾ, അനൗപചാരിക വിദ്യാഭ്യാസ സംഘടനകൾ എന്നിവ ചേർന്നാണ് സ്കൂൾ കോപ്ലക്സ് രൂപപ്പെടുത്തിയിരിക്കുന്നത്.

അക്കാദമിക് മോണിറ്ററിംഗ് സംവിധാനത്തോടൊപ്പം ജനകീയ മോണിറ്ററിംഗും നിലവിൽ വന്നിട്ടുണ്ട്. സ്കൂൾതല പഠനപ്രവർത്തനങ്ങളുടെ പരിശോധനയ്ക്ക് പഞ്ചായത്തും ജനകീയ സമിതികളും ഇനിയും തയ്യാ റാകും. ഇതോടെ സ്കൂളിലെ അധ്യാപകരുടെ നിയന്ത്രണം പഞ്ചായത്ത് സമിതികൾക്ക് പൂർണ്ണമായി ലഭി ക്കും. (Deepika 02-06-2007)

06. ദളിത് ക്രൈസ്തവരോടുള്ള അവഗണന അവസാനിപ്പിക്കണം.

മതവിശ്വാസത്തിന്റെ പേരിൽ ദളിത് ക്രൈസ്തവരോടുള്ള അവഗണനകൾ അവസാനിപ്പിക്കണമെന്നും പരിവർത്തിത ക്രൈസ്തവ കോർപറേഷന്റെ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിച്ച് പ്രവർത്തനം ശക്ത മാക്കണമെന്നും കെ. സി. ബി. സി, എസ്. സി, എസ്. ടി കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ ആവശ്യപ്പെട്ടു. കോട്ടയം ലൂർദ്ദ് ഓഡിറ്റോറിയത്തിൽ നടന്ന ഡി. സി. എം. എന്ന സംസ ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്. (Jeevanadam 03-06-2007)

07. തട്ടിക്കൊണ്ടുപോയ വികാരി അച്ചനെ വിട്ടയച്ചു.

ഇറാക്ക് തലസ്ഥാന നഗരത്തിന്റെ അൽ– ബലാദിയാത്ത് മേഖലയിൽ നിന്ന് അജ്ഞാത സംഘം തട്ടി ക്കൊണ്ടുപോയ കൽദായ കത്തോലിക്കാ പുരോഹിതനും മാർ പിത്തിയോൻ ഇടവകയിലെ വികാരിയുമായ ഫാ. നവിസാത്ത് പിന്നായെയെ റാഞ്ചികൾ വിട്ടയച്ചു. ഇടവകക്കാരനായ ഒരു രോഗിയെ വീട്ടിൽ സന്ദർശിച്ചു മടങ്ങുകയായിരുന്നു അച്ചൻ. വഴിയിൽ കാത്തുനിന്നിരുന്ന ഒരു സംഘം അദ്ദേഹത്തെ തടഞ്ഞു നിർത്തി എങ്ങോട്ടോകൊണ്ടുപോവുകയായിരുന്നുവെന്നു ബാബിലോൺ അതിരൂപതയുടെ സഹായമെത്രാൻ ഷ്ലെമോൻ വർദൂനി ഏഷ്യാ ന്യൂസിനോട് പറഞ്ഞു. അപകർത്താക്കൾ കൽദായ പാത്രിയർക്കേറ്റുമായി ബന്ധപ്പെട്ടതിനെ തുടർന്ന് പല ഉപാധികളും റാഞ്ചികൾ ആവശ്യപ്പെട്ടുവെങ്കിലും പിന്നീട് വിട്ടയച്ചു. (Jeevaeadam 03-06-2007)

08. സി. ബി. സി. ഐ വിദ്യാഭ്യാസ നയരേഖ പ്രഖ്യാപിച്ചു.

ദളിതരെയും ആദിവാസികളെയും മുഖ്യധാരയിൽ കൊണ്ടുവരണം. ദളിതരെയും ആദിവാസികളെയും മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ വിദ്യാഭ്യാസ മേഖലയിൽ ഊന്നൽ നൽകണമെന്ന് വ്യക്തമാക്കിക്കൊണ്ട് കത്തോലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സി. ബി. സി. ഐ) വിദ്യാഭ്യാസരേഖ പുറത്തിറക്കി. തലസ്ഥാനത്തു നടന്ന ചടങ്ങിൽ സി. ബി. സി. ഐ പ്രസിഡന്റ് കർദ്ദിനാൾ ടെലസ്ഫോർ ടോപ്പോയാണു വിദ്യാഭ്യാസ നയരേഖ പുറത്തിറക്കിയത്. സി. ബി. സി. ഐയുടെ വിദ്യാഭ്യാസ, സാംസ്കാരിക കമ്മീഷൻ ചെയർമാനും ഗോഹട്ടി ആർച്ച് ബിഷപ്പുമായ തോമസ് മേനാംപറമ്പിൽ, എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. കുര്യാള ചിറ്റാട്ടുകുളം എന്നിവരുടെ നേതൃത്വത്തിലാണു നയരേഖ തയ്യാറാക്കിയത്.

രാജ്യത്തിന്റെ പുരോഗതിക്കായി കത്തോലിക്കാസഭ വിദ്യാഭ്യാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ ഗുണം ചെയ്തെന്നു നയരേഖയിൽ വിശദീകരിക്കുന്നു. ദളിതരേയും ആദിവാസികളെയും കൂടി വിദ്യാഭ്യാസപരമായി ഉന്നതിയിലെത്തിച്ചാൽ മാത്രമേ സഭയുടെ പ്രവർത്തനം പൂർത്തിയാവുകയുള്ളു. വിദ്യാഭ്യാസ മേഖലയിൽ നയങ്ങൾ ആവിഷ്കരിക്കുക മാത്രമല്ല, അത് നടപ്പാക്കുക എന്നതിലാണു സഭ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത്. സഭയിലെ എല്ലാ ബിഷപ്പുമാരും വിദ്യാഭ്യാസസ്ഥാപനങ്ങളും ഇതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ദളിത്, ആദിവാസി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നിഷേധിക്കുന്ന സാഹചര്യമുണ്ടാകരുത്-നയരേഖ വ്യക്തമാക്കുന്നു. വിദ്യാഭ്യാസം കച്ചവടമായി കാണരുതെന്നും നയരേഖയിൽ പറയുന്നു. വിദ്യാഭ്യാസത്തിന്റെ പേരിൽ തലവരിപ്പണം വാങ്ങരുതെന്നും അഖിലേന്ത്യാ കാത്തലിക്ക് വിദ്യാഭ്യാസ നയം-2007 ൽ പറയുന്നു.

ധനസമാഹരണം ധാർമ്മികമായി മാത്രമേ പാടുള്ളൂ. അധ്യാപകർക്ക് സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് ശമ്പളം നൽകുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഫീസിളവ് നൽകുക, പെൺകുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള നയങ്ങൾ ആവിഷ്കരിക്കുക എന്നീ നിർദ്ദേശങ്ങളും നയരേഖ നൽകുന്നു. പാവപ്പെട്ടവർക്കും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റിനിർത്തപെടുന്നവർക്കും വിദ്യാഭ്യാസം നൽകിയില്ലെങ്കിൽ രാജ്യം വികസിത പാതയിലെത്തില്ലെന്നു നയരേഖ പുറത്തിറക്കിക്കൊണ്ട് കർദ്ദിനാൾ ടോപ്പോ പറഞ്ഞു. വിദ്യാഭ്യാസ മേഖലയിൽ കത്തോലിക്കാ സഭ സർക്കാരുമായി സഹകരിക്കണം. അതുപോലെ സമൂഹത്തിന്റെ ഭൂരിഭാഗം ആളുകളിലും വിദ്യാഭ്യാസം എത്തിക്കാനുള്ള കത്തോലിക്കാ സഭയുടെ പരിശ്രമങ്ങളെ സർക്കാരും പിന്തുണയ്ക്കണം.-കർദ്ദിനാൾ പറഞ്ഞു. വിദ്യാഭ്യാസം ഒന്നാമതായി ദളിത്, ആദിവാസികുട്ടികൾക്ക് എത്തിക്കുക എന്നതിലായിരിക്കണം ശ്രദ്ധിക്കേണ്ടതെന്ന് ആർച്ച് ബിഷപ് മേനാം പറമ്പിൽ പറഞ്ഞു. ക്രൈസ്തവ വിശ്വാസങ്ങളനുസരിച്ച് വളർന്നു വരാനും അതിൽ ലക്ഷ്യമുള്ളവരായിരിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്നതായിരിക്കണം വിദ്യാഭ്യാസമെന്ന് അദ്ദേഹം പറഞ്ഞു. (Deepika 01-05-2007)

09. അധ്യാപകരെ ശിക്ഷിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരം

സർക്കാർ, എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് എതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നതിനുള്ള അധികാരം കൂടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനെക്കുറിച്ച് കേരള വിദ്യാഭ്യാസ ചട്ട (കെഇആർ) ഭേദഗതി സമിതി ആലോചിക്കുന്നു. ഇതിന്റെ കരട് നിർദ്ദേശം തയ്യാറാക്കി ഉപസമിതി ചർച്ച ചെയ്തു വരികയാണ്. ഇപ്പോൾ കെ. ഇ. ആർ അനുസരിച്ച് വിദ്യാലയങ്ങൾക്കും അധ്യാപകർക്കും മേൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരമൊന്നുമില്ല. എന്നാൽ വിപുലമായ അധികാരങ്ങൾ ഇവർക്ക് നൽകാൻ എൽഡിഎഫ് സർക്കാർ തീരുമാനിക്കുയും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇത് പ്രയോഗിച്ചുതുടങ്ങുകയും ചെയ്തു കഴിഞ്ഞു. കാസർകോട് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്ത് സ്കൂൾ സമയം രാവിലെ എട്ടര മുതൽ ഒന്നര വരെയും തുടർന്നു പാഠ്യേതര പ്രവർത്തനങ്ങൾ ഉച്ചകഴിഞ്ഞു രണ്ടു മുതൽ അഞ്ചു വരെയുമായി നിശ്ചയിച്ചത് ഉദാഹരണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടപടികൾക്ക് നിയമ പ്രാബാല്യം നൽകുന്നതിനാണ് കെഇആറിൽ ഇത്തരം വ്യവസ്ഥകൾ ഉൾപ്പെടുത്താൻ ആലോചിക്കുന്നത്. ഗ്രാമപഞ്ചായത്ത് അധികൃതർക്കു തങ്ങളുടെ അധികാര പരിധിയിലുള്ള സർക്കാർ, എയ്ഡഡ് പ്രൈമറി സ്കൂളിലെ അധ്യാപകർക്കെതിരെ എ. ഇ. ഒ യുമായിആലോചിച്ച് അച്ചടക്കനടപടിയും ശിക്ഷാ നടപടിയും സ്വീകരിക്കാമെന്ന ഭേദഗതിയാണു കൊണ്ടുവരുന്നത്. ആർക്കെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ ഈ വിഷയം വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെ പരിഗണനയ്ക്ക് വിടുകയും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുകയും ചെയ്യും.

മുൻസിപ്പാലിറ്റി, കോർപറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവയ്ക്ക് അവയുടെ പരിധിയിലുള്ള സർക്കാർ, എയ്ഡഡ് സ്കൂൾ അധ്യാപകർക്കെതിരെ ഡിസിയുമായി ആലോചിച്ചു ശിക്ഷാനടപടി സ്വീകരിക്കാം. അഭിപ്രായ വ്യത്യാസമുണ്ടായാൽ ഡിപിഐയുടെ പരിഗണനയ്ക്ക് വിടുകയും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുകയും ചെയ്യും. അച്ചടക്ക നടപടിയുടെ ഭാഗമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫിസറുമായി ആലോചിച്ച് അധ്യാപകനെ സസ്പെൻഡ് ചെയ്യാനും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് അധികാരമുണ്ടാകും. എയ്ഡഡ് സ്കൂളിലെ അധ്യാപകർക്കെതിരെ നടപടി എടുക്കുന്ന കാര്യം മാനേജരെ അറിയിക്കണം. മാനേജർ ശിക്ഷാനടപടി എടുക്കുന്നില്ലെങ്കിൽ തദ്ദേശ സ്ഥാപനത്തിനോ വിദ്യാഭ്യാസ ഓഫിസർക്കോ നടപടി സ്വീകരിക്കാം. സ്കൂൾ സമയം രാവിലെ ഒൻപതു മുതൽ അഞ്ചു വരെയാക്കണമെന്ന നിർദ്ദേശം ഉപസമിതിയിൽ വന്നെങ്കിലുംതീരുമാനം എടുത്തിട്ടില്ല. ഇതിൽ അഞ്ചു മണിക്കൂറ് ക്ലാസും ബാക്കി സമയം പാഠ്യേതര പ്രവർത്തനവും നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. വിശദ ചർച്ചയ്ക്കായി ഈ വിഷയം മാറ്റിവച്ചിരിക്കുകയാണ്. ഗ്രാമ പഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സമിതി രൂപികരിക്കുന്നതിനുള്ള നിർദ്ദേശവും കെ. ഇ. ആറിൽ കൊണ്ടു വരുന്നതിനു നിർദ്ദേശമുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തിലും ഒരു കൗൺസിൽ വീതം ഉണ്ടാകും. പഞ്ചായത്ത് പ്രസിഡന്റ് തന്നെയാണ് കൗൺസിലിന്റെയും അധ്യക്ഷൻ.

(Malayala Manorama 05-06-2007)

10. <u>കാർഷിക പ്രതിസന്ധിക്ക് കാരണം സർക്കാർ ഇടപെടാതിരുന്നത്.</u>

കാര്യക്ഷമമായി താങ്ങുവിലയും തീരുവകളും ഏർപ്പെടാത്താതിരുന്നത് കാർഷിക പ്രതിസന്ധി രൂക്ഷമാക്കിയതായി ആസൂത്രണ കമ്മിഷൻ വിലയിരുത്തി. വിളകൾക്ക് വില ഇടിഞ്ഞതിനൊപ്പം ഉൽപാദനവും കുറഞ്ഞപ്പോൾ കർഷകനെ സഹായിക്കുന്ന തരത്തിൽ വിപണിയിൽ ഇടപെടാൻ സർക്കാരിനു കഴിഞ്ഞില്ലെന്നു പതിനൊന്നാം പദ്ധതിയിലെ കാർഷിക തന്ത്രങ്ങളെന്ന തലക്കെട്ടോടെയിറക്കിയ രേഖയിൽ കമ്മിഷൻ പറയുന്നു. കാർഷിക വളർച്ച 1980 മുതൽ 97 വരെ മേൽപ്പോട്ടായിരുന്നു, അതിനുശേഷം തകർച്ചയായി. ആഗോള നിലവാരം കുറഞ്ഞതായിരുന്നു കാരണം. ഒപ്പം ഡിമാൻഡ് കുറയുകയും ചെയ്തു. ആധുനിക ചില്ലറ വിൽപ്പന രീതികൾ ഉൽപാദകനും ഉപഭോക്താവിനും ഒരു പോലെ ഗുണകരമാണ്. ഇതിന്റെ സാധ്യത പൂർണ്ണമായി പ്രയോജനപ്പെടുത്തണമെന്നു പറയുന്ന രേഖ വൻകിടക്കാർ ചില്ലറ വ്യപാര മേഖലയിൽ പ്രവേശിപ്പിക്കുന്നതിനെ പരോക്ഷമായി അനുകൂലിക്കുന്നു. വൻകിടക്കാർക്ക് നിയമനിബന്ധനകൾ ഏർപ്പെടുത്തണമെന്നു സി. പി. എം ആവശ്യപ്പെട്ടത് കഴിഞ്ഞ ദിവസമാണ്. ആഗോള വിലനിലവാരം അസ്ഥിരമായി തുടരുമ്പോൾ ഭാവിയിലും വിലസ്ഥിരത ഉറപ്പു നൽകാനാവില്ലെന്നു കാർഷിക രേഖ പറയുന്നു. ലോക വ്യാപാര സംഘടന നിർദ്ദേശിക്കുന്ന കർഷക രക്ഷാ നടപടികൾ ദീർഘകാല ലക്ഷ്യത്തോടെയാണ്. തീരുവകൾ കാര്യക്ഷമമായി നിയന്ത്രിക്കുകയും താങ്ങുവിലകൾ വേണ്ടവിധം ഏർപ്പെടുത്തുകയുമാണ് അടിയന്തിര നടപടികൾ.

(Malayala Manorama 02-06-2007)

11. <u>സ്വാശ്രയ : മെഡിക്കൽ മാനേജ്മെന്റുമായി നടത്തിയ ചർച്ചയിൽ തീരുമാനമായില്ല.</u>

സ്വാശ്രയ പ്രൊഫഷണൽ കോളേജ് പ്രവേശനം സംബന്ധിച്ച് സമവായം ഉണ്ടായാലും സങ്കേതികമായി ഇത്തവണ നടപ്പാക്കാൻ കഴിയില്ലെന്ന് സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾ സർക്കാരിനെ ധരിപ്പിച്ചു.പ്രവേശന നടപടികളുമായി ഏറെ മുന്നോട്ടുപോയെന്നാണ് അസോസിയേഷൻ പ്രതിനിധികൾ വിദ്യാഭ്യാസമന്ത്രി എം. എ ബേബിയുമായി ഇന്നലെ നടത്തിയ ചർച്ചയിൽ അറിയിച്ചത്. 25 ശതമാനം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പോടെ പ്രവേശനം നൽകാമെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 212 വിദ്യാർത്ഥികൾക്ക് സൗജന്യമായി പ്രവേശനം നൽകും. സർക്കാരുമായി സമവായമുണ്ടായി സീറ്റ് ഘടനയിൽ മാറ്റം വന്നാൽ ഈ 25 ശതമാനം വിദ്യാർത്ഥികൾ കോടതിയിൽ പോകാൻ സാധ്യതയുണ്ടെന്നും മെഡിക്കൽ മാനേജ്മെന്റുകൾ സർക്കാരിനെ ധരിപ്പിച്ചു. മന്ത്രിയുടെ വസതിയിൽ നടന്ന ചർച്ചയിൽ മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷൻ സെക്രട്ടറി ജോർജ്ജ് പോളും പുഷ്പഗിരി മാനേജ്മെന്റ് പ്രതിനിധി കെ. ജി ഫ്രാൻസീസും പങ്കെടുത്തു. ചർച്ചയിൽ ഇരുവിഭാഗവും തങ്ങളുടെ നിലപാടുകളിൽ ഉറച്ചുനിന്നതോടെ സമവായ സാധ്യതകൾ മങ്ങി. ഇന്റർ ചർച്ച് കൗൺസിലിന്റെ തീരുമാനത്തിൽ മാത്രമേ തങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്ന നിലപാടിലാണ് അസോസിയേഷനുകൾ. ഈ സാഹചര്യത്തിൽ കൗൺസിലിന്റെ യോഗത്തിനു ശേഷമേ കൂടുതൽ ചർച്ചകൾ നടക്കൂ. ചർച്ച സൗഹാർദ്ദപരമായിരുന്നെന്നും ഉടൻ ഇക്കാര്യത്തിൽ തീരുമാനമുണ്ടാവുമെന്നുമാണ് പ്രതീക്ഷയെന്നും ചർച്ചയ്ക്കുശേഷം ജോർജ്ജ്പോൾ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

(Deepika 03-06-07)

11. ദരിദ്ര വിഭാഗങ്ങൾക്കും റേഷൻ വില കുത്തനെ കൂട്ടുന്നു.

റേഷൻ അരിയുടെയും ഗോതമ്പിന്റെയും വില കുത്തനെ ഉയർത്താനും ദാരിദ്രരേഖയ്ക്ക് മുകളിലുള ളവരെ (എ. പി. എൽ) ഉയർന്ന വരുമാനക്കാരെ റേഷൻ സംവിധാനത്തിൽ നിന്നു പൂർണ്ണമായി ഒഴിവാക്കാനും കേന്ദ്രം ആലോചിക്കുന്നു. ഇതു സംബന്ധിച്ചു മന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതി തയ്യാറാക്കിയ കുറിപ്പ് വിവിധ മന്ത്രാലയങ്ങളുടെ പരിശോധനയ്ക്കായി നൽകിക്കഴിഞ്ഞു. എ.പി. എൽ വിഭാഗത്തിനുള്ള റേഷൻ വിതരണത്തിന് കേന്ദ്രത്തിൽ നിന്ന് നൽകുന്ന ഗോതമ്പിന്റെ വില കിലോയ്ക്കു 95 പൈസയും അരിക്ക് 85 പൈസയും കൂട്ടാൻ കഴിഞ്ഞ വർഷം ജനുവരിയിൽ മന്ത്രിസഭ തീരുമാനിച്ചതാണ്. എന്നാൽ, ഐക്യ പുരോഗ മന സഖ്യത്തിലെ കോൺഗ്രസ് ഉൾപ്പെടെയുള്ള കക്ഷികളുടെയും ഇടതു പാർട്ടികളുടെയും ചില മുഖ്യമന്ത്രി മാരുടെയും തീരുമാനം നടപ്പാക്കിയില്ല. ഇപ്പോൾ മന്ത്രിസഭ പരിഗണിക്കുന്ന നടപടി ഇതാണ്: ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബിപിഎൽ) കുടുംബങ്ങൾക്കു കേന്ദ്രം നൽകുന്ന ഗോതമ്പിന്റെ വിലയിൽ നടപ്പുവർഷം കിലോയ്ക്ക് 70 പൈസ വർധിപ്പിക്കുക; അടുത്ത വർഷം ഓരോ കിലോയ്ക്കും യഥാർത്ഥത്തിൽ ചെലവാ കുന്ന തുകയുടെ 50% വില ചുമത്തുക. നടപ്പു വർഷം ബി. പി. എൽ കുടുംബങ്ങൾക്കുള്ള ഗോതമ്പിന്റെ കേന്ദ്രവില കിലോയ്ക്ക് 4.15 രൂപ യിൽ നിന്നു 4.85 രൂപയാകും. ബി. പി. എൽ കുടുംബങ്ങൾക്ക് നൽകുന്ന അരിയുടെ വിലയിൽ നടപ്പുവർഷം കിലോയ്ക്ക് 70 പൈസ വർധിപ്പിക്കുക. ഇപ്പോഴത്തെ വില കിലോയ്ക്ക് 5.65 രൂപയാണ്. അത് 6.35 രൂപയായി ഉയരും. അടുത്ത വർഷം വില 6.93 രൂപയാകും. എ. പി. എ. ൽ കുടും ബങ്ങൾക്കുള്ള റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യതയ്ക്ക് ആനുപാതികമാക്കുക. താഴ്ന്ന വരുമാനമുള്ള 20 ശതമാനത്തിനു മാത്രമായി റേഷൻ പരിമിതപ്പെടുത്തുക. നടപ്പുവർഷം ഗോതമ്പിന്റെയും അരിയുടെയും വില യിൽ കിലോയ്ക്ക് 1.40 രൂപ വർധിപ്പിക്കുക. നിലവിൽ ഗോതമ്പിന് കിലോ 6.10 രൂപയാണ്. ഇത് 7.40 രൂപയാ കും. അരിവില 8.30 രൂപയിൽ നിന്ന് 9.70 ആകും. (MalayalaManorama 05-06-2007)

12. ന്യൂനപക്ഷത്തിന്റെ അവകാശങ്ങളിൽ സർക്കാർ കയ്യേറ്റം: ചർച്ച് കൗൺസിൽ

കയ്യേറ്റങ്ങൾക്കെതിരെ കടുത്ത നടപടികളുമായി മുന്നോട്ടു പോകുന്ന കേരള സർക്കാർ തന്നെ ന്യൂന പക്ഷങ്ങളുടെ ഭരണഘടനാധിഷ്ഠിതമായ വിദ്യാഭ്യാസ അവകാശങ്ങൾ കയ്യേറുന്നതു വിചിത്രമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെ വക്താവു പ്രസ്താവിച്ചു. ന്യൂനപക്ഷങ്ങൾക്ക് സ്വന്തമായി വിദ്യാ ലയങ്ങൾ സ്ഥാപിച്ചു നടത്താനുള്ള ഭരണഘടനാ അവകാശമാണു സർക്കാർ കയ്യേറുന്നത്. ഇതു ജനാധിപത്യ ത്തിൻ മേലുള്ള കയ്യേറ്റമാണ്. ന്യൂനപക്ഷങ്ങൾ സ്വന്തമായി പണം മുടക്കി സ്ഥാപിച്ചു നടത്തുന്ന കോളേജുക ളിൽ സർക്കാരിന്റെ മെറിറ്റ് ലിസ്റ്റിൽ നിന്ന് 50% വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും അവരെ സൗജന്യമായി പഠിപ്പിക്കുകയും ചെയ്യണമെന്നു പറയുന്നത് ന്യൂനപക്ഷങ്ങളുടെ സ്ഥാപനങ്ങൾ കയ്യേറലാണ്.

എയ്ഡഡ് സ്കൂളിൽ പഞ്ചായത്ത് അധികൃതരുടെ നേതൃത്വത്തിൽ സമിതികൾ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങളിൽ കൈകടത്താനുള്ള ശ്രമവും കയ്യേറ്റമാണ്. ഗവൺമെന്റിന്റെ ഹെൽത്ത് സെന്ററുകളിൽ നഴ്സിങ് വിദ്യാർത്ഥികൾക്ക് സർക്കാരിൽ പണമടച്ചു പരിശീലനം ലഭിക്കാനുള്ള സംവിധാനം നിർത്തലാക്കി യതും ഈ കയ്യേറ്റത്തിന്റെ തന്നെ ഭാഗമാണ്. ഇന്റർ ചർച്ച് കൗൺസിൽ ലാഭമുണ്ടാക്കുന്ന വിദ്യാഭ്യാസത്തിനു വേണ്ടി നിലകൊള്ളുന്നുവെന്ന വിധത്തിൽ വനം മന്ത്രി ബിനോയ് വിശ്വം നടത്തിയ പ്രതികരണത്തിൽ കൗൺസിൽ ഉത്കണ്ഠ രേഖപ്പെടുത്തി. (MalayalaManorama 05-06-2007)